# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.684 28.09.2011-ൽ മറുപടിയ്ക്ക്**

## ചികിത്സാ പിഴവുമൂലം മരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.സുധാകരൻ: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സാ പിഴവുമൂലം പതിനൊന്നു വയസ്സുള്ള അക്ഷയ എന്ന പെൺകുട്ടി മരണപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. |
| (സി) വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏതുഘട്ടം വരെയായി; | (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക് സർജറി വിഭാഗം പ്രൊഫസറും വകുപ്പുമേധാവിയുമായ ഡോ.എം.കെ.അജയകുമാർ, മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ ഡോ.സി.ജയകുമാർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.ഹാരിസൺ സേവ്യർ എന്നിവർ നടത്തിയ വകുപ്പുതല അന്വേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെമിക്കൽ അനാലിസിസ് പൂർത്തിയാകാത്തതിനാൽ അന്തിമ ഓട്ടോപ്സി റിപ്പോർട്ട് കിട്ടിയിട്ടില്ല. അതിനാൽ യഥാർത്ഥ മരണകാരണം അറിവായിട്ടില്ല. വിശദമായ |

അന്വേഷണം നടത്തുന്നതിനായി പുറമെനിന്നുള്ള ഒരു അന്വേഷണ കമ്മീഷനെ ചുമതലപ്പെടുത്തണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും അക്ഷയയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ | (ഡി) ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) മുൻ ആരോഗ്യവകുപ്പ് മന്ത്രിക്ക് ഇക്കാര്യം സംബന്ധിച്ച് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | (ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക് സർജറി വിഭാഗം പ്രൊഫസറും വകുപ്പുമേധാവിയുമായ ഡോ.എം.കെ.അജയകുമാർ, മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ ഡോ.സി.ജയകുമാർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.ഹാരിസൺ സേവ്യർ എന്നിവർ നടത്തിയ വകുപ്പുതല അന്വേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെമിക്കൽ അനാലിസിസ് പൂർത്തിയാകാത്തതിനാൽ അന്തിമ ഓട്ടോപ്സി റിപ്പോർട്ട് കിട്ടിയിട്ടില്ല. അതിനാൽ യഥാർത്ഥ മരണകാരണം അറിവായിട്ടില്ല. ഇതിന്മേൽ കൂടുതൽ വിശദമായ അന്വേഷണം നടത്തുന്നതിനായി പുറമെ നിന്നുള്ള ഒരു അന്വേഷണ കമ്മീഷനെ ചുമതലപ്പെടുത്തണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ